വച്ചിട്ടുണ്ട്. ഇവയുടെ 75% തസ്തികകൾ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റു മാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

115 (1718) പാറശ്ശാല ആടുവളർത്തൽ കേന്ദ്രം

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിന്റെ കെട്ടിടങ്ങളുടെ പണി പൂർത്തിയായെങ്കിലും ജലസേചനവും വൈദ്യുതീകരണവും നടക്കാത്തതു കൊണ്ട് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയാതിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലസേചനത്തിനും വൈദ്യുതീകരണത്തിനും ആവശ്യമായ തുക ഈ വർഷംതന്നെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിന്റെ പണി ഇക്കൊല്ലം തന്നെ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാറശ്ശാല ആടുവളർത്തൽ കേന്ദ്രം പണിയുന്നതിലേയ്ക്കായി 50% കേന്ദ്രസഹായത്തോടെയുള്ള ഒരു പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്ര സർക്കാർ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ഈ പദ്ധതിയ്ക്കായി ചെലവായതിനാൽ സംസ്ഥാന സർക്കാരിന്റെ മാത്രമായിട്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വേണം അധിക ബാദ്ധ്യത നിർവഹിക്കുവാൻ. ഫാം തുടങ്ങുന്നതിന് ആവശ്യമായ അവശേഷിക്കുന്ന പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) എത്രയും വേഗം പണി പൂർത്തിയാക്കി ഫാം പ്രവർത്തനം സജ്ജമാക്കുകയാണ് ലക്ഷ്യം.

116 (1719) വള്ളിവട്ടത്ത് മൃഗാശുപത്രി അനുവദിക്കാനുള്ള നടപടി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജക മണ്ഡലത്തിലെ വള്ളിവട്ടം പ്രദേശത്ത് ഒരു മൃഗാശുപത്രി അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധാരാളം മൃഗങ്ങളുള്ള വെള്ളാങ്കല്ലൂർ പഞ്ചായത്തിൽ വള്ളിവട്ടത്ത് മൃഗാശുപത്രി അനുവദിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ.

LIBRARY ARCHIVES Kerala Legislative Assembly